# കേരളത്തിന്റെ ഗുരുനാഥൻ

കുറ്റിപ്പുഴ കൃഷ്ണപിള്ള



കേരളത്തിന്റെ ഗുരുനാഥൻ

കുറ്റിപ്പുഴ കൃഷ്ണപിള്ള

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

K P Kesava Menon, a portrait by anonymous. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കേരളത്തിന്റെ ഗുരുനാഥൻ

ശ്രീ. കെ. പി. കേശവമേനോൻ എൺപത്തൊന്നിലേയ്ക്കു കടക്കുന്നുവെന്നു വേണമെങ്കിൽ പറഞ്ഞോളൂ; വിരോധമില്ല. പക്ഷേ, അദ്ദേഹം വൃദ്ധനായി എന്നു പറഞ്ഞേയ്ക്കരുത്. അതു കേൾക്കാൻ അദ്ദേഹത്തിന് ഇഷ്ടമില്ല. തീരെ ഇഷ്ടമില്ലെന്നുറപ്പിച്ചു പറയട്ടെ. ഒരിക്കൽ ഒരു സമ്മേളനത്തിൽ അദ്ദേഹം അദ്ധ്യക്ഷനായിരിക്കുമ്പോൾ സ്വാഗതപ്രസംഗംചെയ്ത വിദ്വാന് ഒരമളി പറ്റി. വാർദ്ധക്യക്ലേശമൊന്നും ഗണിക്കാതെ അധ്യക്ഷൻ അവിടെ വന്നുചേർന്നല്ലോ എന്നു സാധാരണച്ചടങ്ങനുസരിച്ചു പ്രസംഗകൻ തട്ടിവിട്ടു. ഒട്ടും താമസമുണ്ടായില്ല. അധ്യക്ഷനിൽനിന്നെതിർപ്പു പുറപ്പെടാൻ. അങ്ങനെ തെറ്റിദ്ധരിക്കേണ്ടാ, തനിക്കു വാർദ്ധക്യക്ലേശമൊന്നുമില്ലെന്ന് അദ്ദേഹം ഉടൻ അറിയിച്ചു.

## മൂന്നു തെളിവ്

ഇതൊരു നിസ്സാരസംഭവമാണെങ്കിലും വാർദ്ധക്യത്തോടുള്ള കേശവമേനോന്റെ മനോഭാവമെന്തെന്നു തെളിയിക്കുന്നുണ്ട്. "ആസപ്തതേസ്തു വാർദ്ധക്യം" എന്ന ആപ്തവാക്യം അദ്ദേഹം വക വെച്ചിട്ടേയില്ല. താൻ വൃദ്ധനായിട്ടില്ല എന്നതിനു മൂന്നു തെളിവാണ് മേനോൻ എടുത്തുകാണിക്കാറ്. പൊതുവേ പറഞ്ഞാൽ മൂന്നില്ലായ്മകളാണത്രെ വാർദ്ധക്യലക്ഷണങ്ങൾ—ഉറക്കമില്ലായ്മ, വിശപ്പില്ലായ്മ, ഓർമ്മയില്ലായ്മ—ഈ മൂന്നും തന്നെ ബാധിച്ചിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. ശരിയാണ്, നല്ല ഉറക്കം, നല്ല വിശപ്പ് (എന്നു പറഞ്ഞാൽ നല്ല ഊണ്), നല്ല ഓർമ്മ—ഈ മൂന്നിലും ഇന്നത്തെ യുവാക്കന്മാരെപ്പോലും തോൽപ്പിക്കും അശീതിവർഷനായ കേശവമേനോൻ.

ഈയിടെ എഴുതിയ ഒരു കത്തിലദ്ദേഹം പറയുകയാണ്: "എന്റെ വിശപ്പിന്റെ കാര്യം കൃഷ്ണപിള്ളയ്ക്കു നല്ലപോലെ അറിയാമല്ലോ. ഉറക്കവും അതുപോലെതന്നെ. എപ്പോൾ വേണമെങ്കിലും എനിക്കുറങ്ങാൻ കഴിയും. ഉറക്കം മതിയാവാതെ ഞാൻ എഴുന്നേൽക്കുകയുമില്ല. രാത്രി ഒമ്പതര മണിയ്ക്കു കിടന്നാൽ അഞ്ചുമണിവരെ ഉറങ്ങും. ഉച്ചയ്ക്കു ഒരുമണി മുതൽ രണ്ടരവരെയും. ഓർമ്മയുടെ കാര്യത്തെപ്പറ്റിയും പറയാം. നടന്ന സംഭവങ്ങൾ, വളരെക്കാലം മുമ്പുകണ്ട ആളുകളെപ്പറ്റിക്കൂടിയും ശരിയായി ഓർമ്മിക്കുന്നതിന് ഇപ്പോഴും സാധിക്കുന്നുണ്ട്."


അടുത്തുനടന്ന സാഹിത്യപരിഷത്സമ്മേളനത്തിലെ അധ്യക്ഷപ്രസംഗം തന്നെ കേശവമേനോന്റെ അക്ഷീണമായ ഓർമ്മശക്തിക്കൊരുദാഹരണമാണ്. പറഞ്ഞുകൊടുത്തെഴുതിച്ച ആ പ്രസംഗം അച്ചടിച്ചു സദസ്യരുടെ ഇടയിൽ വിതരണം ചെയ്തിരുന്നു. അച്ചടി കഴിഞ്ഞതിനുശേഷം ഒരു തവണ വായിച്ചു കേൾക്കാൻ പോലും അദ്ദേഹത്തിനു സൗകര്യപ്പെട്ടില്ല. ചിലപ്പോൾ ചെയ്യാറുള്ളതുപോലെ, അതു മറ്റൊരാളെക്കൊണ്ടു സദസ്സിൽ വായിപ്പിക്കുകയല്ല അന്നദ്ദേഹംചെയ്തത്. ഒരു വാചാപ്രസംഗം ചെയ്യുകയാണുണ്ടായത്. എങ്കിലും ആ വാചാപ്രസംഗം അച്ചടിക്കോപ്പിയുടെ നേർപകർപ്പുതന്നെയായിരുന്നു. പദപ്രയോഗത്തിലും പ്രതിപാദനക്രമത്തിലും മറ്റും ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല. പലരും അതുകേട്ട് അദ്ഭുതപ്പെട്ടു. എൺപതാംവയസ്സിലും മനുഷ്യന്റെ ധാരണാശക്തി ഇത്രയ്ക്ക് അന്യൂനമായി പ്രവർത്തിക്കുക അസാധാരണം തന്നെ.

## ഉത്തമമാതൃക

സർവ്വപഥീനമായി വികസിച്ച വ്യക്തിമഹത്ത്വത്തെ വിളംബരം ചെയ്യുന്ന ഒരു മാതൃകാജീവിതമാണ് കേശവമേനോന്റേത്. ഈ ദീർഘകാല ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ കേരളത്തിന്റെ ഗുരുനാഥൻ എന്ന പേരിന് അദ്ദേഹം സർവ്വഥാ അർഹനായിത്തീർന്നിരിക്കുന്നു. രാഷ്ട്രീയപ്രവർത്തനം, സാമൂഹ്യസേവനം, വിദ്യാഭ്യാസം, സാഹിത്യം, പത്രപ്രവർത്തനം എന്നീ രംഗങ്ങളിലെല്ലാംതന്നെ ആധുനിക കേരളീയർ അദ്ദേഹത്തിനു ശിഷ്യപ്പെടേണ്ടതായിട്ടുണ്ട്. ഓരോന്നിലും ഒരുത്തമ ജീവിതമാതൃക അദ്ദേഹം നമുക്കു കാണിച്ചുതന്നിരിക്കുന്നു.

പത്തുകൊല്ലം മുമ്പു കേശവമേനോന്റെ ആത്മകഥ 'കഴിഞ്ഞകാലം' എന്നപേരിൽ പുറത്തുവന്നല്ലോ. അതിനൊരാസ്വാദനമെഴുതിയപ്പോൾ ഞാൻ രേഖപ്പെടുത്തിയ ചില അഭിപ്രായങ്ങൾ ഇവിടെയും സംഗതമാകുമെന്നു വിശ്വസിക്കുന്നു; "കേശവമേനോന്റെ ആത്മകഥ ഒരുവിധത്തിൽ നോക്കിയാൽ അദ്ദേഹം കടന്നുപോന്നിട്ടുള്ള കാലഘട്ടത്തിലെ കേരളത്തിന്റെ ചരിത്രം തന്നെയാണ്. കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ കേരളത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതിക്ക് അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്. സ്വാതന്ത്ര്യസമരരംഗത്തിലെ ധീരനായ യോദ്ധാവ്, സുശിക്ഷിതനായ പത്രപ്രവർത്തകൻ, വിശാലവീക്ഷണമുള്ള സാമൂഹ്യ പരിഷ്കർത്താവ്, സർവ്വോപരി സ്ഥിതപ്രജ്ഞനായ ജീവിതചിന്തകൻ എന്നീ വിവിധ നിലകളിൽ അദ്ദേഹം ഈ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നു. എന്നാൽ ഇതിലൊന്നിലും അഭിമാനം കൊള്ളാതെ ഒരു നിസ്സംഗന്റെ മട്ടിലാണ് അദ്ദേഹം പെരുമാറുന്നത്. പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും ഇത്രത്തോളം വിനയവും നിഷ്കപടതയും പാലിക്കുവാൻ മറ്റേതെങ്കിലും നേതാവിനു സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. താൻ ജീവിച്ച കാലഘട്ടത്തിന്റെ ചരിത്രകഥയായി രൂപാന്തരപ്പെടത്തക്കവണ്ണം ഒരാളുടെ ജീവിതത്തിനു നാനാമുഖമായ വികാസവും പ്രാമുഖ്യവും സിദ്ധിക്കുക എന്നതു വലിയൊരു ജന്മസാഫല്യംതന്നെയാണ്."

## നിർവേദമില്ല


ബർട്രാൻഡ്റസ്സൽ

ഈ സാഫല്യം കൈവന്നതിനുശേഷവും കേശവമേനോൻ തനിക്കർഹതയുള്ള വിശ്രമജീവിതത്തിലേയ്ക്കു പ്രവേശിക്കാതെ കേരളത്തെ മുന്നോട്ടു നയിക്കുന്നതിൽ അനവരതം ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നതു ഭക്ത്യാദരങ്ങളോടെ എടുത്തുപറയേണ്ട ഒരു വസ്തുതയാകുന്നു. നല്ല പൗരന്മാരെ സൃഷ്ടിക്കയും സംഘടിപ്പിക്കയും ചെയ്യണമെന്ന ഉദ്ദേശത്തോടെ അദ്ദേഹം ഒരു പൗരസംഘം സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചിട്ട് അധികം നാളായിട്ടില്ല. ഇതുപോലെ എത്രയെത്ര കർമ്മരംഗങ്ങളിൽ ഈ ജനക്ഷേമകാംക്ഷി ഇന്നും അഗ്രേസരത്വം വഹിക്കുന്നു! ആശിച്ചിടത്തോളം നമ്മുടെ നാടു നന്നായിക്കാണാത്തതിലും വിശേഷിച്ച് ഇവിടത്തെ കുഴഞ്ഞു മറിഞ്ഞ രാഷ്ട്രീയത്തിലും അദ്ദേഹം മറ്റാരേക്കാളുമധികം ആശങ്കാകുലനാണ്. മനുഷ്യൻ ധാർമ്മികമായി അധഃപതിക്കുന്നതു കണ്ടുകൊണ്ടു സ്വസ്ഥനായിരിക്കാൻ അദ്ദേഹത്തിനു കഴിയുന്നില്ല. ഇപ്പോഴത്തെ എഴുത്തിലും പ്രസംഗത്തിലുമെല്ലാം ഈ ആശങ്ക പ്രതിഫലിക്കുന്നുണ്ട്. പ്രായം ഇത്രയുമായി, ചെയ്യാനുള്ളത് ചെയ്തു, ഇനി എന്തെങ്കിലുമാകട്ടെ എന്നു സാധാരണക്കാർക്കുണ്ടാകുന്ന നിർവ്വേദം ഈ ശതാഭിഷേകമടുത്ത വേളയിലും കേശവമേനോനെ ബാധിച്ചിട്ടില്ല. തൊണ്ണൂറിനുശേഷവും ലോകക്ഷേമത്തെ ലക്ഷീകരിച്ചു തൂലിക ചലിപ്പിച്ചുകൊണ്ടിരിക്കുന്ന ബർട്രാൻഡ്റസ്സലിന്റെ തീവ്രമായ സേവനൗത്സുക്യം ഈ കേരളാചാര്യനിലും തെളിഞ്ഞു കാണാം.

'നാം മുന്നോട്ട്' എന്ന പേരിൽ 'മാതൃഭൂമിയിൽ' ആഴ്ചതോറും മുടങ്ങാതെ കാണുന്ന ലേഖനപരമ്പര വായിക്കുമ്പോൾ ഞാൻ ചീനയിലെ ആദിഗുരുവായ കൺഫ്യൂഷ്യസ്സിനെ ഓർക്കാറുണ്ട്. ഗണ്യമായ ആശയസാദൃശ്യമുണ്ട് രണ്ടുപേർക്കും. കൺഫ്യൂഷ്യസ് തുടർച്ചയായി പുറപ്പെടുവിച്ചിരുന്ന വിശിഷ്ടോപദേശങ്ങളിൽ, അജ്ഞേയങ്ങളായ ആധ്യാത്മിക രഹസ്യങ്ങളിലേയ്ക്കും പരലോകവിശ്വാസങ്ങളിലേയ്ക്കും ശിഷ്യരെ വലിച്ചിഴച്ചു കൊണ്ടുപോയിരുന്നില്ല. ഇഹലോകജീവിതത്തിനാവശ്യമായ സദാചാരനിയമങ്ങൾ, നൈതികമൂല്യങ്ങൾ, ചിത്തശുദ്ധീകരണം എന്നിവയ്ക്കാണ് ആ ഗുരുവര്യൻ പ്രാധാന്യം കൽപ്പിച്ചിരുന്നത്. ഇതുതന്നെയാണ് നമ്മുടെ ഗുരുനാഥന്റേയും പ്രബോധന പദ്ധതി. ഒരെത്തും പിടിയുമില്ലാത്ത പ്രപഞ്ചരഹസ്യങ്ങളെ ഒരജ്ഞേയത്വവാദിയുടെ (Agnostic) നിലയിൽ സവിസ്മയം വീക്ഷിക്കുക മാത്രമല്ലാതെ അവയെപ്പറ്റി ആർക്കും മനസ്സിലാകാത്ത ഭാഷയിൽ മസ്തിഷ്കഗുസ്തി നടത്തി അദ്ദേഹം സമയം പാഴാക്കുന്നില്ല. അറിഞ്ഞുകൂടാത്തത് അറിഞ്ഞുകൂടാ എന്നു പറയുവാനുള്ള ബുദ്ധിപരമായ സത്യസന്ധത അദ്ദേഹത്തിനു വേണ്ടുവോളമുണ്ട്. യുക്തിക്കു ചേരാത്ത ചില വിശ്വാസങ്ങൾ തന്റെ ഹൃദയാന്തർഭാഗത്ത് കുടിയിരിക്കുന്നുണ്ടെങ്കിൽ, അവയെ അന്യരുടെ തലയിൽ അടിച്ചേൽപ്പിക്കാൻ അദ്ദേഹം ഒരിക്കലും ഉദ്യമിച്ചിട്ടില്ല. തന്റെ വിശ്വാസം മാത്രമാണ് ശരി, മറ്റുള്ളതൊക്കെ തെറ്റ് എന്നു വാദിക്കുന്ന വിചാരമൗഢ്യവും മേനവനെ തീണ്ടിയിട്ടില്ല. 'മനുഷ്യത്വം അതിന്റെ ഏറ്റവും നല്ലനിലയിൽ' (Manhood at its best) എന്നതായിരുന്നു ചീനഗുരുവിന്റെ പരമലക്ഷ്യം. നമ്മുടെ ആചാര്യന്റേയും ലക്ഷ്യം മറ്റൊന്നല്ല. മനുഷ്യത്വത്തിന്റെ സർവ്വതോമുഖമായ വികാസം—ജീവിതത്തിന്റെ വ്യഷ്ടിഗതവും സമഷ്ടിഗതവുമായ ഉത്ക്കർഷം—അതാണ് അദ്ദേഹത്തിന്റെ മുഖ്യ പ്രമേയം.


## നാം മുന്നോട്ട്

"മരണത്തിന്നപ്പുറം ഒരു സ്ഥിതി ഉണ്ടെങ്കിലും ഇല്ലെങ്കിലും ഈ ജീവിതം സുന്ദരവും ധന്യവുമാക്കുവാനുള്ള ബാധ്യത നമുക്കുണ്ട്. അതിനു ശ്രമിക്കുകയാണ് ഒരുത്തമ മനുഷ്യൻ ചെയ്യേണ്ടത്" എന്ന് അദ്ദേഹം ഉപദേശിക്കുന്നു. കാലോചിതവും യുക്തിയുക്തവുമായ ഒരു ചിന്തയാണിത്. നൂറ്റാണ്ടുകളായി, ജഗന്മിഥ്യാവാദത്താൽ ബുദ്ധിമാന്ദ്യം സംഭവിച്ച് ഇഹലോക ജീവിതത്തെ തുച്ഛീകരിച്ചധഃപതിച്ചു പോയ ഭാരതീയർക്ക് ഒരു മൃതസഞ്ജീവിനിയാകും ഏതാദൃശാശയങ്ങൾ. 'നാം മുന്നോട്ട്' എന്ന ലേഖനങ്ങളിൽ പലതും ശുഷ്ക്കങ്ങളാണെന്നും വായനക്കാരെ മടുപ്പിക്കുമെന്നും മറ്റും അഭിപ്രായപ്പെടുന്നവരുണ്ട്. പക്ഷേ, അവയിലുടനീളം തുടിക്കുന്ന ആത്മാർത്ഥതയും ഹൃദയം ഹൃദയത്തോടു സംസാരിക്കുന്ന മട്ടിലുള്ള പ്രതിപാദനവും യഥാസന്ദർഭം ഉദാഹരണങ്ങളായി ഉദ്ധരിക്കുന്ന സംഭവകഥകളും പ്രസ്തുത ദോഷത്തിനു പരിഹാരമാകുന്നുണ്ട്. ലേഖനകർത്താവിന്റെ അതിവിപുലമായ പുസ്തകപരിചയത്തിൽ നിന്നും അനുഭവസമ്പത്തിൽ നിന്നും പുറപ്പെടുന്ന ഈ സംഭവകഥകളാണ് വാസ്തവത്തിൽ പ്രകൃത ലേഖനങ്ങൾക്കു നവജീവൻ നൽകുന്നത് നമ്മുടെ ജീവിതചിന്തയെ ഉദ്ബുദ്ധമാക്കാൻ അവ ഒട്ടേറെ ഉപകരിക്കും. ഇത്തരം സംഭവകഥകളുടെ (Anecdotes) ഒരക്ഷയപാത്രമാണ് ലേഖകൻ. അദ്ദേഹമായിട്ടൊന്നു സംഭാഷണത്തിലേർപ്പെട്ടു നോക്കൂ. അഞ്ചു മിനിട്ടിനകം ഫലിതസംവലിതമായ ഭാഷയിൽ പലപല സ്മരണകളും പൊട്ടിപ്പുറപ്പെടുകയായി.

ഉപദേഷ്ടാക്കൾ ധാരാളമുണ്ടല്ലോ നമ്മുടെ നാട്ടിൽ. പക്ഷേ, അവരുടെ ഉപദേശവും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവും ഉണ്ടായിരിക്കുകയില്ല. ഇതിൽനിന്നെത്രയോ വ്യത്യസ്തനാണ് കേശവമേനോൻ. മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുന്നതെല്ലാം അദ്ദേഹം തന്റെ ജീവിതംകൊണ്ടുദാഹരിച്ചു കാണിക്കുന്നു.


"കണ്ണുപോയാലും കരുത്തു കൈവിടരുത്" എന്ന് ഈയിടെ അദ്ദേഹം എഴുതുകയുണ്ടായി. സ്വാനുഭവത്തിൽനിന്നു പുറപ്പെട്ട ഉപദേശമാണത്. കാഴ്ച നഷ്ടപ്പെട്ടിട്ടും മറ്റു പലരുമെന്നപോലെ അദ്ദേഹം നൈരാശ്യ ഗർത്തത്തിൽ വീഴാതെ മനക്കരുത്തോടെ നാലുപാടും ഉന്മേഷം വീശി നടക്കുന്നു. പഴയ മട്ടിൽ, ഒട്ടും വിട്ടുവീഴ്ചകൂടാതെ സ്വകൃത്യങ്ങളിൽ വ്യാപൃതനാകുന്നു. ധാരാളം സഞ്ചരിക്കുന്നു. എഴുതുന്നു, പ്രസംഗിക്കുന്നു. ഇതെന്തൊരത്ഭുതം! ഇതൊക്കെ എങ്ങനെ സാധിക്കുന്നു എന്നു പലരും ചോദിക്കുന്നുണ്ട്. കേശവമേനോൻ ദൽഹിയിൽ ചെന്നപ്പോൾ സർ രാധാകൃഷ്ണൻ തൊട്ടു പല സുഹൃത്തുക്കൾക്കും ഇക്കാര്യത്തിൽ അദ്ഭുതമുളവായി. കാഴ്ചയുള്ളവർപോലും വിഷാദമഗ്നരാവുമ്പോൾ മേനോന്റെ അടുത്തുചെന്നാൽ മതി അവർ ഉന്മേഷഭരിതരാകുമെന്നുകൂടി അവർ അഭിപ്രായപ്പെട്ടുവത്രേ. കാഴ്ച നഷ്ടപ്പെട്ടാൽ—സ്വയം പുസ്തകം വായിക്കാൻ സാധിക്കാതായാൽ—ആ നിമിഷം മരിക്കണമെന്ന വിചാരമാണ് ഇതെഴുതുന്ന ആൾക്കുള്ളത്. എങ്കിലും ഈ മഹാശയന്റെ മുമ്പിലിരിക്കുമ്പോൾ ആ വിചാരം മൂഢമാണെന്ന ബോധം ഉദിക്കുന്നു.

"ചലിക്കുന്ന ഒരു നിഴൽമാത്രമാണ് ജീവിതം " (Life is but a walking shadow) എന്നു ഷേക്സ്പിയർ മാക്ബത്തിനെക്കൊണ്ടു പറയിക്കുന്നുണ്ട്.


ഷേക്സ്പിയർ

ഇതിനു നേരെ വിപരീതമാണ് കേശവമേനോന്റെ ജീവിതദർശനം. ജീവിതം ചരിക്കുന്ന പ്രകാശമാണെന്നും അതു തല്ലിക്കെടുത്തരുതെന്നും അദ്ദേഹം പഠിപ്പിക്കുന്നു. അന്യാദൃശമായ ഒരു ജീവശക്തിയും ജീവിത പ്രകാശവുമാണ് ഈ ധന്യാത്മാവിൽ നാം ദർശിക്കുന്നത്. നൈരാശ്യത്തിന്റെ ഇരുട്ടിൽ വെളിച്ചം വീശുക മാത്രമല്ല അദ്ദേഹം ചെയ്യുന്നത്. കണ്ണിലെ ഇരുട്ടിനെ വെളിച്ചമാക്കി മാറ്റാനുള്ള അന്തശ്ശക്തികൂടി അദ്ദേഹം പ്രദർശിപ്പിക്കുന്നു. തത്താദൃശനായ ഒരു ഗുരുനാഥൻതന്നെ വേണം കേരളീയർക്കു വേണ്ട ഉപദേശം നൽകാൻ.

## കൃതികൾ


എബ്രഹാം ലിങ്കൺ

മറ്റു രംഗങ്ങളിലെന്നതുപോലെ സാഹിത്യത്തിലും സഹൃദയനായ കേശവമേനോൻ സമുന്നതമായ നായകസ്ഥാനത്തുതന്നെ പ്രശോഭിക്കുന്നു. മഹച്ചരിതങ്ങൾ, ജീവചരിത്രം, ആത്മകഥ, സഞ്ചാരസാഹിത്യം, ചെറുകഥ, ഉപന്യാസം, ജീവിത തത്ത്വചിന്ത. ഇങ്ങനെ ഏതേതു സാഹിതീശാഖയിൽ അദ്ദേഹത്തിന്റെ കൈവിരുതു വിജയപൂർവ്വം കളിയാടിയിട്ടില്ല! 'കഴിഞ്ഞ കാലവും' 'ഭൂതവും ഭാവിയും' വായിച്ചുനോക്കുന്നവർക്കേ അദ്ദേഹത്തിന്റെ ജീവിതത്തെ ശരിക്കു വിലയിരുത്താൻ കഴിയൂ. മഹച്ചരിതസംഗ്രഹങ്ങളുടേയും ജീവചരിത്രങ്ങളുടേയും രചനയിൽ അസാമാന്യമായ വാസനയും വൈദഗ്ദ്ധ്യവും മാത്രമല്ല അതീവ താത്പര്യവും അദ്ദേഹം പ്രകടിപ്പിക്കുന്നു. നവഭാരതശിൽപ്പികൾ, എബ്രഹാംലിങ്കൺ മുതലായ കൃതികൾ ഇതിന്നുദാഹരണമാണ്. ഗാന്ധിയുടേയും നെഹ്റുവിന്റേയും വിസ്തൃത ജീവചരിത്രങ്ങൾ കേരളീയർക്കു ലഭിക്കാറായിട്ടുണ്ട്. എബ്രഹാംലിങ്കനാണെന്നു തോന്നുന്നു, ഈ സാഹിത്യനായകന്റെ ആദർശപുരുഷൻ. ഗാന്ധിയോടൊപ്പമോ അതിൽ കൂടുതലോ അദ്ദേഹം ലിങ്കണെ ആദരാതിരേകത്തോടെ സ്മരിക്കാറുണ്ട്. സന്ദർഭം കിട്ടുമ്പോഴൊക്കെ ആ മഹാത്മാവിനെ സംബന്ധിക്കുന്ന കഥകൾ പറയുക അദ്ദേഹത്തിന്റെയൊരു പതിവാണ്. ലിങ്കന്റെ ലഘുജീവചരിത്രം, ജീവിതചിന്തകൾ, നാം മുന്നോട്ട് ഇത്യാദി കൃതികൾ വിദ്യാർത്ഥികൾക്കു പാഠ്യപുസ്തകമാക്കാൻ ഏറ്റവും പറ്റിയവയത്രേ. കേശവമേനോന്റെ കൃതികളെപ്പറ്റി ഒരു സമഗ്രപഠനംതന്നെയാവശ്യമാണ് ഇതുവരെ അതിനാരും തുനിഞ്ഞിട്ടില്ല. നിരൂപകന്മാരുടെ ശ്രദ്ധ ഇനിയെങ്കിലും അങ്ങോട്ടു തിരിയുമെന്നാശിക്കാം.

"കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതം സമാഃ" എന്ന ഉപനിഷദ്വാക്യം അന്വർത്ഥമാകുംവിധം ഈ കർമ്മയോഗിയുടെ സമുത്കൃഷ്ട സേവനം ഇനിയും നീണാൾ കേരളത്തിനു ലഭിക്കുമാറാകട്ടെ!

ദീപാവലി—1966.

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014